പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5179 22.05.2017-ലെ മറുപടി

കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ഇ.കെ.വിജയൻ : | | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | നാദാപുരം മണ്ഡലത്തിലെ കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | എ) | കുന്നുമ്മലിനും സമീപ വില്ലേജുകൾക്കും വേണ്ടിയുളള സമഗ്ര ശുദ്ധജല വിതരണ പദ്ധതി നാദാപുരം മണ്ഡലത്തിലെ ആറു വില്ലേജുകളായ വളയം, വാണിമേൽ, തൂണേരി, നരിപ്പറ്റ, കായക്കൊടി, നാദാപുരം, കുറ്റ്യാടി മണ്ഡലത്തിലെ കുറ്റ്യാടി വില്ലേജ് എന്നീ 7 വില്ലേജുകൾക്കു വേണ്ടിയുളളതാണ്. ഈ പദ്ധതിയുടെ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. പദ്ധതിയുടെ പ്രധാന ഗ്രാവിറ്റി മെയിനിന്റെ പ്രവൃത്തി ഒഴിച്ച് മറ്റു ഘടകങ്ങളുടെ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഗ്രാവിറ്റിമെയിൻ സ്ഥാപിക്കേണ്ട പ്രവൃത്തി അന്തിമ ഘട്ടത്തിലാണ്. സ്റ്റേറ്റ് ഹൈവേ 38-ൽ കക്കാട്ട് ജങ്ഷനിലും വാണിമേൽ പഞ്ചായത്തിലെ പാക്കോയി റോഡും മുറിക്കുന്നതിനുള്ള അനുമതിയും P.W.D. യിൽ നിന്നും ലഭിക്കേണ്ടതുണ്ട്. |
| ബി) | അതിരൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന നാദാപുരത്ത് പ്രസ്തുത പദ്ധതി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | ബി) | ഈ പദ്ധതിയുടെ അസംസ്കൃത ജല പമ്പ് ഹൗസിലേക്കും ശുദ്ധജല പമ്പ് ഹൗസിലേക്കും വൈദ്യുതി കണക്ഷൻ കിട്ടാൻ താമസിച്ചതിനാലും പദ്ധതിയുടെ അസംസ്കൃത ജല പമ്പ് സെറ്റും ശുദ്ധജല പമ്പ് സെറ്റും വർഷങ്ങൾ മുമ്പ് സ്ഥാപിച്ചതുകൊണ്ട് ആയതിന്റെ ഓവർ ഹോളിങ് നടത്തി പ്രവർത്തന സജ്ജമാക്കേണ്ട പ്രവൃത്തിയും നടത്തേണ്ടതായും വന്നു. ഇത് പദ്ധതി വൈകുന്നതിന് കാരണമായിട്ടുണ്ട്. NRDWP പദ്ധതികൾക്കുളള കേന്ദ്രസഹായം ഗണ്യമായി വെട്ടിക്കുറച്ചതു കാരണം കോൺട്രാക്ടർക്ക് നൽകുവാനുളള കുടിശ്ശികയും P.W.D. യിൽ ഒടുക്കേണ്ടതായ തുകയും ഉൾപ്പെടെ പദ്ധതി നിർവ്വഹണത്തിനാവശ്യമായ തുക യഥാസമയം കണ്ടെത്താൻ സാധിക്കാത്തതും റോഡ് കട്ടിംഗ് അനുമതി ലഭ്യമാകുന്നതിനുളള താമസവും പദ്ധതി നിർവ്വഹണം വൈകുന്നതിന് കാരണമായിട്ടുണ്ട്. |
| സി) | അടിയന്തര പ്രാധാന്യം നൽകി, പദ്ധതി കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ? | സി) | നടപടി സ്വീകരിച്ചു വരുന്നു. |

Renuka Sankar

സെക്ഷൻ ഓഫീസർ